روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

റമദാനിന് സ്വാഗതം 02/04/2021

بسم الله الرحمن الرحيم

❖ **ത്വൽഹത്ത്ബ്നു ഉബൈദില്ല (റ) ഉദ്ധരിക്കുന്ന ഹദീസ്.**

- രണ്ടാളുകൾ നബി (സ്വ) യുടെ സമീപത്ത് വരികയും പരിപൂർണമായി ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. അതിൽ ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദായി. രണ്ടാമത്തെ വ്യക്തി ഒരു വർഷത്തിന് ശേഷം കട്ടിലിൽ കിടന്ന് മരണപ്പെട്ടു. ആദ്യം സ്വർഗത്തിൽ പ്രവേശിച്ചത് കട്ടിലിൽ കിടന്ന് മരിച്ച വ്യക്തി.
- നബി (സ്വ) യോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ നബി (സ്വ) പറഞ്ഞു;

فقال: أليسَ قدْ مكثَ هذا بعدَهُ سنةً؟ قالوا: بَلى. وأدركَ رمضانَ فصامَهُ؟ قالوا: بلى. (صحيح الجامع)

- അയാൾ ഒരു വർഷം കൂടി ജീവിച്ചില്ലേ? ഒരു റമദാനിനെ കണ്ടെത്തുകയും നോമ്പ് നോൽക്കുകയും ചെയ്തില്ലേ? അവർ പറഞ്ഞു: അതെ,
- ഒരു റമദാനിൽ ജീവിക്കാൻ അവസരം ലഭിക്കുക എന്നത് സൌഭാഗ്യമാണ്.
- **ആരാണ് മനുഷ്യരിൽ ശ്രേഷ്ഠർ?**

عن أبي بكرة نفيع بن الحارث: يا رَسولَ اللهِ، أيُّ النّاسِ خَيرٌ؟ قالَ: مَن طالَ عُمُرُهُ وحَسُنَ عَمَلُهُ. قالَ: فأيُّ النّاسِ شَرٌّ؟ قال: مَن طالَ عُمُرُهُ، وَساءَ عَمَلُهُ. (شعيب الأرنؤوط)

ആരാണോ ആയുസ് നീട്ടികിട്ടുകയും പ്രവർത്തനങ്ങൾ നന്നാക്കുകയും ചെയ്തത് അവരാണ് ശ്രേഷ്ഠരായവർ. ആയുസ് നീട്ടികിട്ടുകയും പ്രവർത്തനങ്ങൾ മോശമാക്കുകയും ചെയ്തവരാണ് ജനങ്ങളിൽ ഏറ്റവും മോശപ്പെട്ടവർ.

- **ചിലർക്ക് മംഗളം.**

عن أبي هريرة: طُوبى لمن طالَ عُمُرُه، وحَسُنَ عملُهُ (أخرجه الترمذي)

- **തൂബ എന്ന് പറഞ്ഞാൽ മംഗളം എന്നാണ്. അല്ലെങ്കിൽ.**

عن أبي سعيد الخدري: طوبى شجرةٌ في الجنَّةِ، مسيرةُ مائَةِ عامٍ، ثيابُ أهلِ الجنةِ تخرجُ مِنْ أكْمامِها (السيوطي)

സ്വർഗത്തിലെ ഒരു വൃക്ഷം. ആ മരത്തിന്റെ തണൽ നൂറ് വർഷത്തെ ദൂരം അതിൽ നിന്നാണ് സ്വർഗ വാസികളുടെ വസ്ത്രങ്ങൾ പുറത്തെടുക്കുന്നത്.

- ആയുസ് നീളുക - അതിൽ സൽ പ്രവർത്തികൾ വർദ്ധിപ്പിക്കുക എന്നത് പുണ്യമുള്ള കാര്യമാണ്.

**റമദാൻ അനുഗ്രഹീതമായ മാസമാണ്.**

عن أبي هريرة: أتاكم شهرُ رمضانَ شهرٌ مباركٌ فرض اللهُ عليكم صيامَه، (النسائي)

നിങ്ങളിലേക്ക് അനുഗ്രഹീതമായ ഒരു മാസം വന്നിരിക്കുന്നു. അല്ലാഹു ആ മാസത്തിൽ നിങ്ങളുടെ മേൽ നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു.

❖ **ഒട്ടനവധി അനുഗ്രഹീത സംഭവങ്ങൾക്ക് സാക്ഷ്യയാണ് റമദാൻ മാസം.**

1. **ഖുർആൻ അവതീർണമായ മാസം.**

عن واثلة بن الأسقع الليثي أبي فسيلة: أُنزلتْ صحفُ إبراهيمَ أولَ ليلةٍ من شهرِ رمضانَ، وأُنزلتِ التوراةُ لستٍّ مضتْ من رمضانَ، وأنزل الإنجيلُ بثلاثِ عشرةَ مضتْ من رمضانَ، وأُنزِلَ الزبورُ لثمانِ عشرةَ خلَتْ من رمضانَ، وأُنزلَ القرآنُ لأربعٍ وعشرينَ خلتْ من رمضانَ (صحيح الجامع)

ഇബ്രാഹിം നബി (അ) യുടെ ഏടുകൾ അവതരിച്ചത് റമദാനിലെ ഒന്നാമത്തെ രാത്രിയിലാണ്. തൌറാത്താകട്ടെ റമദാനിലെ ആറു രാത്രികൾക്ക് ശേഷവും.ഇഞ്ചീൽ അവതീർണമായ റമദാനിലെ പിതമൂന്ന് രാവുകൾ പിന്നിട്ട ശേഷവം സബൂർ അവതരിക്കപ്പെട്ടത് പതിനെട്ട് രാവുകൾക്ക് ശേഷവും ഖുർആൻ അവതരിക്കപ്പെട്ടത് റമദാനിലെ ഇരുപത്തിനാല് രാവുകൾക്ക് ശേഷവുമാണ്.

2. **റമദാനിൽ ലഭിച്ച അനുഗ്രഹങ്ങൾ**

- ബദർ യുദ്ധം ഉണ്ടായത്
- മക്ക വിജയിച്ചത് റമദാൻ മാസത്തിലാണ്
- ഉഹ്ദ് യുദ്ധത്തിന് സൈന്യത്തെ ഒരുക്കിയത് റമദാനിൽ ആയിരുന്നു.
- ഖന്തക്ക് യുദ്ധത്തിന് സൈന്യത്തെ തയ്യാറാക്കിയത്
- സഖീഫ് ഗോത്രം ഒന്നടങ്കം ഇസ്ലാം സ്വീകരിച്ചത്
- ഹുനൈൻ യുദ്ധത്തിനു വേണ്ടിയുള്ള നീക്കം റമദാനിൽ ആയിരുന്നു.
- മുസ്ലിംങ്ങൾക്ക് ഒട്ടനവധി അനുഗ്രഹങ്ങൾ ലഭിച്ച മാസം.

❖ **നോമ്പ് എല്ലാ സമുദായങ്ങൾക്കും ഉണ്ടായിരുന്നു.**

❖ **ഇസ്ലാമിലെ നോമ്പ്**

- മറ്റു മതങ്ങളിൽ തികച്ചു വ്യത്യസ്തമാണ് ഇസ്ലാമിലെ നോമ്പ്.
- ഇസ്ലാമിൽ വിവിധ തരത്തിലുള്ള നോമ്പുകൾ കാണാം.

1. റമദാൻ വ്രതം.
2. പ്രായശ്ചിത്ത വ്രതം.

ഉദാഹരണം: റമദാനിൽ പകലിൽ ഭാര്യയുമായി ബന്ധപ്പെട്ടാൽ

3. നേർച്ച നോമ്പ്.

❖ **റമദാനിലെ നോമ്പ് നിർബന്ധം.**

1. **ഇസ്ലാമിന്റെ റുകുനുകളിൽപെട്ട കർമ്മം.**

عن عبدالله بن عمر: بُنِي الإسلامُ على شَهادةِ أنْ لا إلَهَ إلّا اللهُ وإقامِ الصَّلاةِ وإيتاءِ الزَّكاةِ وحجِّ البيتِ وصومِ رمَضانَ (الطبراني)

**2. നോമ്പ് നിർബന്ധം**

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (البقرة:١٨٣)

﴿فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ﴾ (البقرة: ١٨٥)

- ഹിജ്റ രണ്ടിലാണ് നോമ്പ് നിർബന്ധമാക്കിയത്.
- നബി (സ്വ) ഒമ്പതു റമദാനുകളിൽ നോമ്പ് അനുഷ്ഠിച്ചിട്ടുണ്ട്.

**❖ റമദാനിന്റെ ശ്രേഷ്ഠതകൾ....**

**1. സ്വർഗ കവാടങ്ങൾ തുറക്കുകയും നരക കവാടങ്ങൾ അടക്കുകയും ചെയ്യുന്നു.**

عن أبي هريرة رضي الله عنه قال: قال رسول الله -صلى الله عليه وآله وسلم: (إذا جاء رمضان فُتِّحتْ أبوابُ الجنة، وغُلِّقَتْ أبوابُ النار وصُفِّدتْ الشياطين) ( ومسلم)

**2. നോമ്പ് പോലെ മറ്റൊരു കർമമില്ല.**

عَنْ أَبِي أُمَامَةَ قَالَ قُلْتُ يَا رَسُولَ اللَّهِ مُرْنِي بِأَمْرٍ يَنْفَعُنِي اللَّهُ بِهِ قَالَ : عَلَيْكَ بِالصِّيَامِ فَإِنَّهُ لاَ مِثْلَ لَهُ (النسائي)
അബൂഉമാമയിൽ (റ) നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ നബി (സ്വ) യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ അടുക്കൽ എനിക്ക് പ്രയോജനകരമായ ഒരു കാര്യത്തെ കുറിച്ച് എന്നോട് കൽപ്പിച്ചാലും. നബി പറഞ്ഞു: നീ നോമ്പ് അനുഷ്ഠിക്കുക. അതുപോലെ മറ്റൊന്നില്ല. (നസാഇ)

**3. റയ്യാൻ എന്ന സ്വർഗ കവാടം.**

عن سهل بن سعد الساعدي: إنَّ في الجَنَّةِ بابًا يقالُ لَه الرَّيّانُ يُدعى يومَ القيامةِ يقالُ أينَ الصّائمونَ فمَن كانَ منَ الصّائمينَ دخلَه ومن دخلَه لم يَظمأْ أبدًا (صحيح ابن ماجه)
സഹ്ലിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: നിശ്ചയം സ്വർഗ്ഗത്തിൽ റയ്യാൻ എന്ന് പറയപ്പെടുന്ന ഒരു വാതിലുണ്ട്. അന്ത്യദിനത്തിൽ നോമ്പുകാർ അതു വഴിയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അവരല്ലാതെ മറ്റാരും അതിലെ പ്രവേശിക്കുകയില്ല. ഇപ്രകാരം വിളിച്ചു ചോദിക്കും. നോമ്പുകാരെവിടെ? അപ്പോൾ നോമ്പുകാർ എഴുന്നേറ്റു നിൽക്കും. അവരല്ലാതെ മറ്റാരും അതുവഴി പ്രവേശിക്കുകയില്ല. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിൽ പറ്റെ അടച്ചു കളയും. പിന്നീട് ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. (ബുഖാരി)

**4. മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നു.**

عن أبي هريرة: مَن صامَ رَمَضانَ، إيمانًا واحْتِسابًا، غُفِرَ له ما تَقَدَّمَ مِن ذَنْبِهِ.(صحيح البخاري)

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: വിശ്വാസത്തോടെയും, പ്രതിഫലേച്ഛയോടെയും റമദാൻ മാസത്തിൽ ആരെങ്കിലും വ്രതമനുഷ്ഠിച്ചാൽ അവന്റെ പക്കൽ നിന്ന് മുമ്പ് സംഭവിച്ച പാപങ്ങൾ പൊറുക്കപ്പെടും. (ബുഖാരി)

**5. ഒരു നോമ്പു നോറ്റാൽ..**

عن أبي سعيد الخدري: ما مِن عَبْدٍ يَصُومُ يَوْمًا في سَبيلِ اللهِ، إلّا باعَدَ اللَّهُ، بذلكَ اليَومِ وَجْهَهُ عَنِ النّارِ سَبْعِينَ خَرِيفًا (صحيح مسلم)

അബൂ സഈദ് അൽ ഖുദ്'രിയിൽ (റ) നിന്നും നിവേദനം:ഒരു അടിമ അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം നോമ്പ് അനുഷ്ഠിച്ചാൽ അത് കാരണം അല്ലാഹു അയാളുടെ മുഖത്തെ എഴുപത് വർഷത്തിന്റെ വഴിദൂരം നരകത്തിൽ നിന്ന് വിദൂരമാക്കും. (മുസ്ലിം)

**6. നോമ്പ് എനിക്കുള്ളതാണ്.**

عَنْ أَبِي هُرَيْرَةَ، – رضى الله عنه – قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِمِائَةِ ضِعْفٍ قَالَ اللَّهُ عَزَّ وَجَلَّ إِلاَّ الصَّوْمَ فَإِنَّهُ لِي وَأَنَا أَجْزِي بِهِ (صحيح مسلم)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: അല്ലാഹു പറയുന്നു: മനുഷ്യരുടെ എല്ലാ നന്മകൾക്കും പത്ത് മുതൽ എഴുനൂറ് ഇരട്ടിവരെ പ്രതിഫലം നൽകുന്നതാണ്. അല്ലാഹു പറയുന്നു, നോമ്പിന് ഒഴികെ, അതിന് ഞാൻ (കണക്കില്ലാത്ത) പ്രതിഫലം നൽകുന്നതാണ്. (മുസ്ലിം)

**7. പിശാചിനെ ബന്ധിക്കുന്ന മാസം.**

أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :إِذَا دَخَلَ شَهْرُ رَمَضَانَ فُتِّحَتْ أَبْوَابُ السَّمَاءِ، وَغُلِّقَتْ أَبْوَابُ جَهَنَّمَ، وَسُلْسِلَتِ الشَّيَاطِينُ(رَوَاهُ الشَّيْخَانِ.)

റമദാൻ സമാഗതമാവുമ്പോൾ സ്വർഗ കവാടങ്ങൾ തുറക്കപ്പെടും. നരക കവാടങ്ങൾ കൊട്ടിയടക്കപ്പെടും. പിശാചിനെ ബന്ധിക്കുകകയും ചെയ്യും.

## ❖ എന്താണ് നോമ്പ്?

- റമദാൻ എന്ന പദത്തിന് കരിച്ച് കളയുക എന്നർത്ഥമുണ്ട്.

الصوم لغة :الإمساكُ والامْتِناع،

- സൌം എന്ന പറഞ്ഞാൽ പിടിച്ച് വെക്കുക എന്നാണ് അർത്ഥം.
- ക്വുർആനിൽ സൌം എന്ന പ്രയോഗിച്ച സ്ഥലങ്ങൾ

فَقُولِي إِنِّي نَذَرْتُ لِلرَّحْمَٰنِ صَوْمًا فَلَنْ أُكَلِّمَ الْيَوْمَ إِنْسِيًّا [مريم: ٢٦] بمعنى امتنعت عن الكلام.

- മതപരമായി നോമ്പ് എന്ന പറഞ്ഞാൽ

وفي الشرع: تركُ الطعامِ والشَرابِ والجِمَاعِ مِنْ طُلُوعِ الفجرِ الصادِقِ حتى غُروبِ الشَمسِ ابْتِغاءَ مَرضَاةِ اللهِ.

പ്രഭാതം മുതൽ പ്രദോഷം വരെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ച് ഭക്ഷണവും പാനിയവും ഭാര്യഭർത്തൃ ബന്ധവും ഉപേക്ഷിക്കലാണ്.

## ❖ എന്തിനാണ് നോമ്പ്?

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (البقرة)

## ❖ നോമ്പ് കൊണ്ടുള്ള നേട്ടങ്ങൾ

1. ഈമാൻ (വിശ്വാസം) വർധിക്കും.
2. നിഷിദ്ധങ്ങളിൽ നിന്ന് വിട്ടുനിൽകാൻ നിമിത്തമാകും.
3. തെറ്റുകളിലേക്ക് മനസ്സ് ചായാതെ നേർവഴിയിൽ നിൽക്കാൻ പര്യാപ്തമാണ്.
4. പാപമോചനം ലഭിക്കും.
5. പൈശാചിക ദുർബോധനങ്ങളിൽ നിന്ന് മുക്തമാവാൻ കഴിയും.
6. വിശപ്പും ദാഹവും അനുഭവിക്കുന്നതുവഴി ദരിദ്രന്റെ വിഷമങ്ങൾ മനസ്സിലാക്കാൻ സാധിക്കും.
7. ക്ഷമ ശീലിക്കുവാനാകും.
8. ഇതിനെല്ലാം പുറമെ ആരോഗ്യപരമായ ധാരാളം നേട്ടങ്ങൾ വേറെയും കാണാം.

## ❖ നഷ്ടപ്പെട്ട നോമ്പുകൾ നോറ്റു വീട്ടുക.

- ഒരു റമദാനിൽ നഷ്ടപ്പെട്ട നോമ്പുകൾ അടുത്ത റമദാനിന് മുമ്പ് നോറ്റു വീട്ടേണ്ടതുണ്ട്.
- ശറഇയായ കാരണത്താൽ നോമ്പ് നഷ്ടപ്പെട്ടവർ നോമ്പു നോറ്റു വീട്ടുക.
- മനപൂർവ്വം നഷ്ടപ്പെടുത്തിയവർ തൌബ ചെയ്യുകയും നോമ്പു നോറ്റു വീട്ടുകയും വേണം.

**നോമ്പിന്റെ വിധി വിലക്കുകൾ അടുത്ത ഖുത്ബയിലൂടെ വിവരിക്കാം.**

إن شا الله

ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.